Ref: 2993/K 35/OL/KCBC/DS 31.8.2016

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ കാലഘട്ടത്തിൽ ജീവിക്കാൻ കഴിയുന്ന നാം ഭാഗ്യമുള്ളവരാണ്. മദർ തെരേസായെപ്പോലുള്ള ഒരു വ്യക്തിത്വം നേരിൽക്കണ്ട് അദ്ഭുതം കൂറാൻ കഴിഞ്ഞ ഒരു തലമുറയാണ് നമ്മുടേത്.

ആ ജീവിതത്തെ എങ്ങനെയാണ് വിശേഷിപ്പിക്കാനാകുക? പുറമ്പോക്കിലെ ദൈവിക സാന്നിധ്യമെന്നോ? അവസാനത്തെയാളുടെയും പിന്നിലുള്ളയാളെന്നോ? "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ടാവശ്യം" എന്നരുൾചെയ്ത യേശുവിന്റെ നിലപാട് തന്റെ ജീവിതവ്രതമാക്കി മാറ്റിക്കൊണ്ട് 'പുറമ്പോക്കു സുവിശേഷം' പ്രസംഗിച്ചവളാണു മദർ തെരേസ.

അമ്മസങ്കല്പത്തിന്റെ ഉദാത്തഭാവമായി ആ സന്ന്യാസിനി മാറിയതുകൊണ്ടാണ് ഈ ജീവിതത്തെ 'മദർ' എന്ന ഒറ്റവാക്കിൽ അനന്യമാംവിധം സംഗ്രഹിക്കാൻ ലോകത്തിനായത്. ജാതിമതവർണവർഗഭേദങ്ങൾക്കതീതമായി ഏവരും അവരെ 'മദർ' എന്നു വിളിച്ചു. കാരണം, ക്രൈസ്തവമാനവികതയുടെ സാർവത്രികസ്വഭാവം ആ മനസ്സിലും കരങ്ങളിലും ജീവിതത്തിലും നിറഞ്ഞുനിന്നിരുന്നു. ഏവരും ക്രിസ്തുവിൽ ദൈവമക്കളാണെന്ന അടിസ്ഥാന ക്രൈസ്തവവിശ്വാസമാണ് ആ വ്യക്തിത്വത്തിന്റെ സാർവജനീനതയുടെ ആധാരം.

യേശുവിന്റെ മിശിഹാദൗത്യത്തിന്റെ ആനുകാലിക ഭാഷ്യവുമായിത്തീർന്നു ആ ജീവിതം. മുറിവേറ്റ മനുഷ്യകുലത്തിനു ശുശ്രൂഷ ചെയ്ത നല്ല സമരിയാക്കാരന്റെ തനിപ്പകർപ്പായ മദറിൽ ലോകം ക്രിസ്തുവിനെ ദർശിച്ചു. ഇതുതന്നെയല്ലേ പ്രേഷിതത്വത്തിന്റെ വഴി? സുവിശേഷപ്രഘോഷണത്തിന്റെ പാത കാരുണ്യമല്ലാതെ മറ്റെന്താണ്? മദറിനെപ്പോലെ ക്രിസ്തുവിനെ ഇത്ര വ്യാപകമായും ഫലപ്രദമായും സംപ്രേഷണംചെയ്ത മറ്റാരുണ്ട് 20-ാം നൂറ്റാണ്ടിൽ? കാരുണ്യവർഷത്തിൽത്തന്നെ കരുണയുടെ മാലാഖ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുന്നത് കരുണയുടെ പ്രേഷിതമാനത്തിന് അടിവരയിടുന്നു. ദൈവകാരുണ്യത്തിന് മുഖവും കരങ്ങളും സമ്മാനിക്കാൻ മദർ നമ്മെ ക്ഷണിക്കുന്നു.

മുറിച്ച അപ്പത്തിലും മനുഷ്യന്റെ മുറിവുകളിലും ഒരുപോലെ ക്രിസ്തുവിനെ ദർശിച്ചവളാണ് ഈ സ്നേഹഗായിക. ദിവ്യകാരുണ്യാരാധനയും രോഗീശുശ്രൂഷയും മദറിന്റെ ക്രിസ്ത്വാനുഭവത്തിന്റെ രണ്ടുവശങ്ങളായിരുന്നു. അതുതന്നെയാണ് ആ ജീവിതം ഒരേസമയം ധ്യാനാത്മകവും പ്രവർത്തനാത്മകവുമാകാൻ കാരണം. മദർ എവിടെയും കേട്ടത് 'എനിക്കു ദാഹിക്കുന്നു' എന്ന ക്രിസ്തുവിന്റെ മൊഴി മാത്രമാണ്.

കൽക്കട്ടയുടെ നീലക്കരസാരി ചുറ്റാൻ മദറിനെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവ് ആദ്യന്തം കൂടെ നടക്കുകയും സർഗാത്മകതയോടെ നയിക്കുകയും ആ ജീവിതം സഫലമാക്കിത്തീർക്കുകയും ചെയ്തെന്നതിന് ചരിത്രംതന്നെ സാക്ഷി. ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്കു സ്വയം വിട്ടുകൊടുത്ത ഒരു ജീവിതവും നിഷ്ഫലമായിപ്പോയിട്ടില്ല. ഈ വിശുദ്ധനാമകരണനടപടികൾ ആത്മാവിന്റെ ഇളംകാറ്റിൽ അവിടത്തേക്ക് ഇഷ്ടമുള്ളിടത്തേക്ക് സ്വയംമറന്നു ചരിച്ച് ആത്മസാക്ഷാത്കാരമടയാനുള്ള ആത്മാവിന്റെ ക്ഷണക്കത്താണ്. സുരക്ഷിതത്വത്തിന്റെ പരിചിതമാളങ്ങളിൽ നിന്ന് സ്ഥലത്തിലും കാലത്തിലും നമുക്കായി ആത്മാവു കാത്തുവച്ചിട്ടുള്ള ദുർഘടവഴികളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഈ വിശുദ്ധ പദപ്രഖ്യാപനം നമുക്കിടയാക്കട്ടെ.

അപരർക്കുവേണ്ടി ജീവിക്കുന്നതാണ് ജീവിതത്തിന് അർഥവും ആനന്ദവും നല്കുന്നതെന്ന് ഒരു ചെറുപുഞ്ചിരിയോടെ മദർ തെരേസ ഇന്നു നമ്മോട് വിളിച്ചോതുകയാണ്. നിസ്സംഗതയുടെ ജീവിതയാത്രയിൽ സുഹൃത്തേ,

ഒന്നു നില്ക്കൂ! അപരന്റെ ദൈന്യതയൂറുന്ന നയനങ്ങളിലേക്ക് ഒന്നു നോക്കൂ! അവിടെ ക്രിസ്തു നിന്നെ കാത്തിരിക്കുന്നു – 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ' എന്ന വിളിയുമായി...

മദർ തെരേസയെ വിശുദ്ധയായി നാമകരണം ചെയ്യുന്ന 2016 സെപ്തംബർ 4–ന് കേരള കത്തോലിക്കാസഭയിൽ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ മദറിന്റെ ജീവിതം നമുക്കു മാതൃകയായി ലോകത്തിനു സമ്മാനിച്ച ദൈവകൃപയ്ക്ക് നന്ദിപറയാം. അന്നേ ദിവസം മദർ തെരേസായുടെ ചിത്രം പ്രത്യേക വണക്കത്തിനായി ദൈവാലയത്തിൽ പ്രതിഷ്ഠിക്കുന്നതും ഉചിതമായിരിക്കും. റോമിൽ നടക്കുന്ന വിശുദ്ധപദവിപ്രഖ്യാപന ശുശ്രൂഷയിൽ കേരളസഭയിൽ നിന്ന് സാധിക്കുന്നിടത്തോളം പിതാക്കന്മാരും വൈദികരും സമർപ്പിതരും ദൈവജനവും പങ്കെടുക്കുന്നതാണ്. ഈ ശുശ്രൂഷയിൽ ആത്മീയമായി പങ്കുകൊള്ളാൻ എല്ലാ ദൈവമക്കളെയും പ്രത്യേകം ക്ഷണിക്കുന്നു. വിശുദ്ധ പദപ്രഖ്യാപനം നടക്കുന്ന ഇന്ത്യൻ സമയം 3–നും 3.30–നും മധ്യേ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആഹ്ലാദസൂചകമായി പള്ളിമണി മുഴക്കുന്നത് നന്നായിരിക്കും. അന്നേദിവസം ഒരു കാരുണ്യപ്രവൃത്തിയെങ്കിലും ചെയ്ത് മദറിനോടുള്ള ആദരം പ്രകടമാക്കാൻ നമുക്കു പരിശ്രമിക്കാം. കുടുംബങ്ങളിലും ഇടവകകൂട്ടായ്മയിലും ഇതിനുള്ള അവസരം ഉണ്ടാക്കുന്നത് അനുഗ്രഹപ്രദമായിരിക്കും. വിശുദ്ധ മദർ തെരേസായുടെ പ്രാർത്ഥന നമേവരോടു കൂടെ ഉണ്ടായിരിക്കട്ടെ!

സ്നേഹത്തോടെ,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025